പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2339 — 19.07.2016 ൽ മറുപടിയ്ക്ക്

## കൃഷിയിടങ്ങളിലെ രാസപദാർത്ഥങ്ങളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) മാരകമായ രാസപദാർത്ഥങ്ങൾ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 ഇനം കീട/കുമിൾ/കളനാശിനികളുടെ സംഭരണം, വിതരണം ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിക്കുകയും 7 ഇനങ്ങളുടെ ഉപയോഗം അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയന്ത്രണം കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഡിപ്പോ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്.<br>വിള ആരോഗ്യ പരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സംയോജിത വള പ്രയോഗം സംബന്ധിച്ചും രാസ കീടനാശിനികൾ കഴിയുന്നത്ര ഒഴിവാക്കി ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് നൽകി വരുന്നു.<br>കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ സംയോജിത കീട നിയന്ത്രണത്തിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾക്കുമാണ് മുൻതൂക്കം നൽകുന്നത്.<br>സുരക്ഷിതമായ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ജൈവ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്നതിനും നല്ല കൃഷിമുറകൾ പ്രാവർത്തികമാക്കുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന ജൈവ വളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ വിഷമുക്ത പച്ചക്കറികളുടെ ലഭ്യത പരമാവധി ഉറപ്പുവരുത്തുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ സഹായത്തോടെ വിപുലമായ പരിശോധനകളും അതിർത്തികളിൽ പ്രത്യേകത പരിശോധനാ സംവിധാനവും ഉറപ്പാക്കുന്നുണ്ട്.

കീടനാശിനി പ്രയോഗം പരമാവധി കുറച്ച് സുരക്ഷിത കൃഷി മുറകൾ അനുവർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നതിന് അയൽ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പ് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് കർഷകരേയും വ്യാപാരികളേയും ബോധവത്കരിക്കുന്നതിന് അയൽ സംസ്ഥാനങ്ങളിലെ പത്രമാധ്യമങ്ങളിൽ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ